LIBRARY ARCHIVES Kerala Legislative Assembly

പ്ലസ് വൺ പ്രവേശനത്തിന് ഏകജാലക സംവിധാനം

89 (3843) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അദ്ധ്യയന വർഷം പ്ലസ് വൺ പ്രവേശനത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്തിയപ്പോൾ ആയത് പരാജപ്പെടുത്തുവാൻ ഏതെങ്കിലും ഹെഡ്മാസ്റ്റർ ശ്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ ശ്രമിച്ച ഏതെങ്കിലും ഹെഡ്മാസ്റ്റർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം ശ്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) റിസർവേഷൻ പ്രകാരമുള്ള സീറ്റുകളിൽ കുട്ടികളെ കിട്ടിയില്ലെങ്കിൽ അത്തരം സീറ്റുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്

(ഡി) അത്തരം സീറ്റുകൾ മെരിറ്റ് ക്വാട്ടയിലേയ്ക്ക് മാറ്റി പ്രവേശനം നടത്തുന്നതാണ്.

ആദിച്ചനല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് ടു പഠന സൗകര്യം

90 (3844) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ പഞ്ചായത്തിൽ പ്ലസ് ടു പഠന സൗകര്യമില്ലെന്നും ആയത് പരിഹരിച്ച് ആദിച്ചനല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) നാല് ഹൈസ്കൂളുകളുള്ള പ്രസ്തുത പഞ്ചായത്തിൽ ഹയർ സെക്കണ്ടറി സ്കൂൾ ഇല്ലാത്തതുമൂലം ജനങ്ങൾക്ക് അതിയായ ബുദ്ധിമുട്ടുകൾ ഉള്ളതായി സർക്കാരിന് ബോദ്ധ്യമുണ്ടോ ; ആയതിന് പരിഹാരം കാണുന്നതിലേക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സന്നദ്ധമാകുമോ ?

ഉത്തരം

(എ & ബി) ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കൈതക്കുഴി എൻ.എം.ഇ.എം. എച്ച്.എസ്.എസ്.-ൽ നിലവിൽ പ്ലസ് ടു കോഴ്സ് ഉണ്ട്.